(സി) 1. കേന്ദ്ര ബഡ്ജറ്റിൽ സബ്പ്ലാനിൽ ഉൾപ്പെടുത്തി ന്യൂനപക്ഷ മന്ത്രാലയത്തിന് തുക അനുവദിക്കുക

2. ന്യൂനപക്ഷ വിദ്യാർത്ഥികൾക്ക് നൽകുന്ന സ്കോളർഷിപ്പ് ഡിമാന്റ് ഡ്രൈവ് അടിസ്ഥാനത്തിൽ അനുവദിക്കുക

3. സംസ്ഥാനത്ത് നിന്നും കൂടുതൽ ന്യൂനപക്ഷ കേന്ദ്രീകൃത പ്രദേശങ്ങൾ ബഹുമുഖ വികസന പദ്ധതിയിൽ ഉൾപ്പെടുത്തുക

4. ന്യൂനപക്ഷ മന്ത്രാലയത്തിന്റെ നിർദ്ദേശം അനുസരിച്ച് സമർപ്പിക്കപ്പെട്ട 376 ന്യൂനപക്ഷ കേന്ദ്രീകൃത ക്ലസ്റ്റർ വില്ലേജുകളിന്മേൽ അടിയന്തരമായി തീരുമാനം എടുക്കുക.

(ഡി) ദേശീയ ന്യൂനപക്ഷ കമ്മീഷന്റെ നിഗമന റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല

മദ്രസ മോഡൈനൈസേഷൻ സ്കീം

142 (3426) ശ്രീ. പാലോട് രവി : താഴെകാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മദ്രസ മോഡ്രൈനൈസേഷൻ സ്കീം അനുസരിച്ച് തിരുവനന്തപുരം ജില്ലയിൽ എന്ത് തുക ചിലവഴിച്ചിട്ടുണ്ട് ; ഏതെല്ലാം സ്ഥാപനങ്ങൾക്ക് എന്തെല്ലാം ആവശ്യങ്ങൾക്കായിട്ടാണ് ചെലവഴിച്ചതെന്ന് അറിയിക്കുമോ ;

(ബി) പ്രസ്തുത സ്കീം അനുസരിച്ച് നെടുമങ്ങാട്, വെമ്പായം, നന്നാട്ടുകാവ്, വാവറയമ്പലം, വെള്ളൂർ, അണ്ടൂർക്കോണം, കണിയാപുരം എന്നീ ജമാഅത്തുകളുടെ നേതൃത്വത്തിലുള്ള മദ്രസകൾക്ക് സാമ്പത്തിക സഹായം നൽകാൻ നടപടി സ്വീകരിക്കാമോ ?

ഉത്തരം

(എ) മദ്രസാ മോഡേണൈസേഷൻ സ്കീം അനുസരിച്ച് 2010-11-ൽ തിരുവനന്തപുരം ജില്ലയിൽ 2 ഗഡുക്കളായി 36,56,000 രൂപ അനുവദിച്ച് കൊടുത്തിട്ടുണ്ട്. 2013-14 വർഷത്തിൽ 2 ഗഡുക്കളായി ആകെ 88,60,000 രൂപ മദ്രസകൾക്ക് അനുവദിച്ചുകൊടുത്തിട്ടുണ്ട്. ഓരോ മദ്രസയ്ക്കും കമ്പ്യൂട്ടർ ലാബ് തയ്യാറാക്കുവാൻ ഒരു ലക്ഷം രൂപയും ലൈബ്രറിക്ക് 50,000 രൂപയും സയൻസ്/ ഗണിത കിറ്റിന് 7,500 രൂപയും അനുവദിച്ചിട്ടുണ്ട്. ഈ സ്കീമിൽപ്പെട്ട മദ്രസകളിലെ ബിരുദാധ്യാപകർക്ക് പ്രതിമാസം 6,000 രൂപയും ബിരുദാനന്തര ബിരുദ അദ്ധ്യാപകർക്ക് പ്രതിമാസം 12,000 രൂപയും അനുവദിച്ചിട്ടുണ്ട്. ഗ്രാന്റ് അനുവദിച്ച മദ്രസകളുടെ ലിസ്റ്റ് ഇതോടൊപ്പം ചേർക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) വെമ്പായം, നന്നാട്ടുകാവ് എന്നീ മദ്രസകൾക്ക് 2013-14 വർഷത്തെ തുക അനുവദിച്ചിട്ടുണ്ട്. അതിൽ നന്നാട്ടുകാവ് രണ്ടാം ഗഡുവിന്റെ ഡിമാന്റ് ഡ്രാഫ്റ്റ് കൈപ്പറ്റിയിട്ടില്ല. മറ്റ് സ്ഥാപനങ്ങൾക്ക് തുക അനുവദിച്ച് ഉത്തരവായിട്ടില്ല. തുടർ വർഷങ്ങളിൽ യഥാസമയം അപേക്ഷ സമർപ്പിച്ചാൽ മാത്രമേ പ്രസ്തുത മദ്രസകൾക്ക് ഗ്രാന്റിന് ശിപാർശ ചെയ്യുവാൻ സാധിക്കുകയുള്ളൂ.

മലപ്പുറം ജില്ലയിലെ ന്യൂനപക്ഷ പ്രൊമോട്ടർ

143 (3427) ശ്രീ. പി. ശ്രീരാമകൃഷ്ണൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലപ്പുറം ജില്ലയിൽ ന്യൂനപക്ഷ പ്രൊമോട്ടർമാരായി എത്ര പേരെയാണ് നിയമിച്ചിട്ടുള്ളത് എന്ന് വിശദമാക്കുമോ ;

(ബി) ഇവരുടെ ജോലിയുടെ സ്വഭാവവും ഉത്തരവാദിത്വവും വിശദമാക്കുമോ ;

(സി) പൊന്നാനി മണ്ഡലത്തിൽപ്പെടുന്ന തദ്ദേശ സ്ഥാപനങ്ങളിൽ നിയമിച്ചവരുടെ പേരും വിലാസവും തദ്ദേശസ്ഥാപനവും വിശദമാക്കാമോ ?

ഉത്തരം

(എ) മലപ്പുറം ജില്ലയിൽ പഞ്ചായത്ത്/മുനിസിപ്പാലിറ്റികളിലായി ആകെ 114 പ്രൊമോട്ടർമാരെ നിയമിച്ചിരുന്നു.

(ബി) 1. ന്യൂനപക്ഷ ക്ഷേമ വകുപ്പിന്റെ പദ്ധതികളും പ്രവർത്തനങ്ങളും സംബന്ധിച്ച് ന്യൂനപക്ഷ വിഭാഗങ്ങൾക്കിടയിൽ ബോധവത്ക്കരണം നടത്തുക, ക്ഷേമപദ്ധതികളുടെ ആനുകൂല്യങ്ങൾ യഥാർത്ഥ ഗുണഭോക്താക്കളിൽ എത്തിക്കാൻ ആവശ്യമായ ഇടപെടലുകൾ നടത്തുക.

2. ന്യൂനപക്ഷവിഭാഗങ്ങളുടെ സാമൂഹ്യ-വിദ്യാഭ്യാസ-സാമ്പത്തിക പ്രശ്നങ്ങൾ വകുപ്പിന്റെ ശ്രദ്ധയിൽപ്പെടുത്തുകയും ആവശ്യാധിഷ്ഠിതമായ പദ്ധതികൾ ആവിഷ്കരിക്കുന്നതിന് വകുപ്പിനെ സഹായിക്കുകയും ചെയ്യുക.

3. വിവിധ ക്ഷേമ പദ്ധതികളുടെ ആനുകൂല്യങ്ങൾ അർഹരായ എല്ലാ ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ടവർക്കും ലഭ്യമാക്കുന്നതിന് ആവശ്യമായ സഹായം നൽകുക.

LIBRARY ARCHIVES Kerala Legislative Assembly